പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 4171

24.10.2016 ൽ
മറുപടിക്ക്

## <u>സൈബർ പോലീസ് സേനാവിംഗ്</u>

| <u>ചോദ്യം</u><br>ശ്രീ. ജോൺ ഫെർണാണ്ടസ് | | <u>മറുപടി</u><br>ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| എ) | ഐ.ടി. കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ പ്രസ്തുത മേഖല കേന്ദ്രീകരിച്ച് പ്രവർത്തിക്കാൻ പോലീസ് സേനയിൽ ഇന്നുള്ള സംവിധാനം എന്താണ് എന്ന് വിശദമാക്കുമോ ; | എ) | സൈബർ കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിനും, തടയുന്നതിനുമായി തിരുവനന്തപുരത്ത് ഒരു സൈബർ പോലീസ് സ്റ്റേഷനും, പോലീസ് ആസ്ഥാനത്ത് ഒരു ഹൈടെക് ക്രൈം എൻക്വയറി സെല്ലും, തിരുവനന്തപുരം ടെക്നോപാർക്ക് ആസ്ഥാനമായി കേരള പോലീസ് സൈബർ ഡോമും, 19 പോലീസ് ജില്ലകളിലായി 19 ജില്ലാ സൈബർ സെല്ലുകളും പ്രവർത്തിച്ചുവരുന്നു. ഗുരുതര സ്വഭാവമുള്ള കേസുകൾ തിരുവനന്തപുരം സൈബർ ക്രൈം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത് അന്വേഷിച്ചുവരുന്നു. കൂടാതെ പൈറസി സംബന്ധമായ ഐ.റ്റി. കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യുന്നതിലേയ്ക്കായി തിരുവനന്തപുരം ആസ്ഥാനമായി ആന്റീ പൈറസി സെല്ലും പ്രവർത്തിക്കുന്നുണ്ട്. |
| ബി) | ആധുനിക സാങ്കേതിക സഹായത്തോടെ പരിശീലനം സിദ്ധിച്ച പ്രത്യേക സൈബർ പോലീസ് സേനാവിംഗ് രൂപീകരിക്കാൻ ഉദ്ദേശമുണ്ടോ ; | ബി) | പരിശോധിച്ചുവരികയാണ് |
| സി) | ഇതിന്റെ ആസ്ഥാനം കൊച്ചിയിൽ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ? | സി) | ഇപ്പോൾ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ